പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3666 25.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. ക്ക് സാമ്പത്തിക സഹായം

ചോദ്യം | ഉത്തരം

ശ്രീ. എം. ഹംസ :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 01-07-2011 മുതൽ 31-03-2013 വരെ കെ.എസ്.ആർ. ടി.സി.ക്ക് എന്തു തുക ധന സഹായം അനുവദിച്ചു ; വാർഷി കാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാ ക്കാമോ ;

(എ) 01.07.2011 മുതൽ 31.03.2013 വരെ സർക്കാരിൽ നിന്നും KSRTCയ്ക്ക് വായ്പയിനത്തിൽ 292 കോടി രൂപയും പദ്ധതി വിഹിതമായി 99.07 കോടി രൂപയും ഗ്രാൻഡ് - ഇൻ - എയ്ഡ് ഇനത്തിൽ 32 കോടി രൂപയും സബ്സിഡി ഇനത്തിൽ 28 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വാർഷികാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | 2011 – 12 | 2012 – 13 |
|---|---|---|---|
| 1 | വായ്പ | ₹ 140.00 കോടി | ₹ 175.00 കോടി |
| 2 | പദ്ധതിവിഹിതം | ₹ 42.00 കോടി | ₹ 57.07 കോടി |
| 3 | ഗ്രാൻഡ് ഇൻ എയ്ഡ് | ₹ 32.00 കോടി | - |
| 4 | സബ്സിഡി | - | ₹ 28.00 കോടി |
| | ആകെ | ₹ 214 കോടി | ₹ 260.07 കോടി |

(ബി) സർക്കാർ ധനസഹായം അനുവദി ച്ചിട്ടും കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം കൂടി വരുന്ന തിന്റെ കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടു ണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) KSRTC –യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിന് KSRTC -യുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ & വർമ്മ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് , എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, ടി

| | | | |
|---|---|---|---|
| | | | സ്ഥാപനം സമർപ്പിച്ച പഠനറിപ്പോർട്ടിന് KSRTC -യുടെ ഭരണ നിർവഹണ സമിതിയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ, KSRTC നടപ്പിലാക്കേണ്ടുന്ന വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. ഇതു മൂലം KSRTC -യുടെ കാര്യക്ഷമത വർദ്ധിച്ച് ചെലവ് കുറഞ്ഞ് വരുമാനവർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | 01-07-2011 മുതൽ 31-03-2013 വരെ കെ.എസ്.ആർ.ടി.സി എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു ; | (സി) | 2011 ജൂലായ് മാസം കെ.എസ്.ആർ.ടി.സി 5282 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിരുന്നു. 2013 മാർച്ച് മാസം വരെ 282 ഷെഡ്യൂളുകൾ പുതുതായി ആരംഭിച്ച് 5564 ആയി വർദ്ധിക്കുകയുണ്ടായി. ഈ കാലയളവിൽ കെ.എസ്. ആർ.ടി.സി ഒരു ഷെഡ്യൂളും സ്ഥിരമായി റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ബസ്സിന്റെയും വരുമാനത്തിന്റെയും കുറവ് കാരണം ചില ഷെഡ്യൂളുകൾ ചില ദിവസങ്ങളിൽ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്. |
| (ഡി) | 31-03-2011 -ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു ; അന്നത്തെ നഷ്ടം എത്രയായിരുന്നു ; വിശദാംശം നൽകുമോ ; | (ഡി) | 31.03.2011 -ൽ (വ്യാഴാഴ്ച) കെ.എസ്.ആർ.ടി.സി 4,611 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ 31.03.2011-ലെ നഷ്ടം ഏകദേശം 1.04 കോടി രൂപയാണ്. |

| | | | |
|---|---|---|---|
| (ഇ) | 31-03-2013 -ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു ; പ്രസ്തുത തീയതിയിലെ നഷ്ടം എത്ര ? | (ഇ) | 31.03.2013 -ൽ (ഞായറാഴ്ച) കെ.എസ്.ആർ.ടി.സി 4,257 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു.<br>2012–13-ലെ കെ.എസ്.ആർ.ടി.സി. യുടെ വാർഷിക കണക്ക് പൂർത്തിയായിട്ടില്ല. ഇക്കാരണത്താൽ 31.032013–ലെ നഷ്ടം കണക്കാക്കാൻ കഴിയില്ല. |

K. Dominic

സെക്ഷൻ ഓഫീസർ